**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2377** **30-09-2025 - ൽ മറുപടിയ്ക്ക്**

**ലഹരിക്കെതിരെയുള്ള പ്രചരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | തദ്ദേശസ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടി സംസ്ഥാനത്തൊട്ടാകെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും അവയുടെ വാർഡുതലത്തിലും ജനജാഗ്രതാ സമിതികൾ രൂപീകരിക്കുകയും ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് ജനജാഗ്രത സദസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വ്യാജമദ്യം, മയക്കുമരുന്ന്, നിരോധിത പുകയില ഉൽപ്പന്നങ്ങൾ എന്നിവ ഇല്ലായ്മ ചെയ്യുന്നതിന് എക്സൈസ് വകുപ്പിനെ സഹായിക്കുന്നതോടൊപ്പം ഈ സമിതികൾ ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ കൗൺസലിംഗ് നൽകുന്നതിന് സഹായിക്കുകയും ചെയ്യുന്നുണ്ട്.<br><br>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരിയുടെ കടന്നു കയറ്റം തടയുക എന്ന ഉദ്ദേശ്യത്തോടെ വിമുക്തിമിഷൻ വ്യത്യസ്തങ്ങളായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം', കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്നീ കമ്മിറ്റികൾ രൂപീകരിച്ച് ലഹരിക്കെതിരായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ലഹരിക്കെതിരെ കായിക ലഹരി എന്ന ആശയം മുൻനിർത്തി 'ഉണർവ്വ്', 'ടീം വിമുക്തി' സ്പോർട്സ് ടീം എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പ്രൈമറി തലത്തിലെ കുട്ടികൾക്കായി ജീവിത നൈപുണികളെ അടിസ്ഥാനമാക്കി "ബാല്യം അമൂല്യം" എന്ന പേരിൽ ഒരു പദ്ധതി തെരഞ്ഞെടുത്ത 140 സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ലഹരിയുടെ ഉപയോഗം മൂലം വിദ്യാർത്ഥികളുടെ സ്വഭാവത്തിലുണ്ടാകുന്ന മാറ്റങ്ങളും, പെരുമാറ്റ വൈകല്യങ്ങളും അധ്യാപകരുടെ സഹായത്തോടെ |

| | | | |
|---|---|---|---|
| | | | കണ്ടെത്തി അവ പരിഹരിച്ച് കുട്ടികളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി 'നേർവഴി' എന്ന ഒരു പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കും അവബോധം നൽകുന്നതിനായി "കരുതൽ" എന്ന പേരിലും, വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനായി "കവചം" എന്ന പേരിലും ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തുന്നതിനായി SCERT യുമായി സഹകരിച്ച് കുട്ടികൾക്കായി "തെളിവാനംവരയ്ക്കുന്നവർ" എന്ന പേരിലും കൈപുസ്തകങ്ങൾ തയ്യാറാക്കി സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.<br><br>ബഹു.ഹൈക്കോടതി ജഡ്ജിമാരുടെ അധ്യക്ഷതയിൽ ചേർന്ന റീജിയണൽ ജുഡിഷ്യൽ കൊളോക്യം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് വിദ്യാഭ്യാസം, വനിതാ ശിശുവികസനം, സാമൂഹ്യ നീതി, പോലീസ്, മെഡിക്കൽ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ സ്കൂളുകളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളിലെ ലഹരി ഉപയോഗം കണ്ടെത്തുകയും, ലഹരിയുടെ ഉപയോഗം ഇല്ലാതാക്കുകയും ചെയ്യുക കുട്ടികൾക്കാവശ്യമായ ബോധവൽക്കരണം, ചികിത്സ എന്നിവ നൽകുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | ലഹരിക്കെതിരെയുള്ള സന്ദേശങ്ങൾ ഉൾക്കൊണ്ടിട്ടുള്ള സിനിമ, നാടകം, മറ്റ് കലാരൂപങ്ങൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദേശം നൽകുമോ; വിശദമാക്കാമോ? | (ബി) | ലഹരിക്കെതിരെയുള്ള സന്ദേശങ്ങൾ ഉൾക്കൊണ്ടിട്ടുള്ള നാടകം, മറ്റ് കലാരൂപങ്ങൾ എന്നിവ എക്സൈസ് വകുപ്പ് പ്രദർശിപ്പിച്ചു വരുന്നുണ്ട്. ഇവ പ്രദർശിപ്പിക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നല്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ